പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1444

14/12/2012 - ൽ മറുപടിയ്ക്ക്

## സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന

| ചോദ്യം<br>ശ്രീ. വി. പി. സജീന്ദ്രൻ<br>,, അൻവർ സാദത്ത്<br>,, വി. റ്റി. ബൽറാം<br>,, ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും<br>വകുപ്പു മന്ത്രി) |
|---|---|
| (എ) സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ ; | (എ) ദരിദ്ര്യ ഗ്രാമീണരെ സ്വയം സഹായ സംഘങ്ങളാക്കി സംഘടിപ്പിച്ച് അവർക്ക് പരിശീലനം നൽകുകയും, അവരുടെ ശേഷി വികസിപ്പിച്ചും, അതിന് പുറമെ ബാങ്ക് വായ്പയും, സർക്കാർ സബ്സിഡിയും ഉപയോഗിച്ച് അവർക്ക് വരുമാനദായകമായ ആസ്തികൾ നൽകിയും, അവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരികയാണ് സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയുടെ ലക്ഷ്യം. നിലവിലുണ്ടായിരുന്ന വിവിധ പരിപാടികളായ ഐ.ആർ.ഡി.പി, ട്രൈസം മില്യൺവെൽ പദ്ധതി, ഗംഗാ കല്യാൺ യോജന, ഡി.ഡബ്ല്യൂ.സി.ആർ.എ, ഗ്രാമീണ കൈതൊഴിൽ ഉപകരണ പദ്ധതി എന്നീ പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ടാണ് 1999-ൽ സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന എന്ന പരിപാടി ആരംഭിച്ചത്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും സ്വാശ്രയ സംവിധാനം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും സ്വാശ്രയ സംവിധാനം 1999 - 2000 എന്ന കാലയളവ് മുതൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 72741 സ്വാശ്രയ സംഘങ്ങൾ, എസ്.ജി.എസ്.വൈ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. |

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം വിപണന സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ?

(സി) കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തിയ സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനമേളയാണ് 'ഓണം വിപണനമേള'. വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ഈ മേള ഓണക്കാലത്ത് 14 ജില്ലകൾക്കായി 12 ജില്ലാ ആസ്ഥാന മേളകളിലൂടെ നഗരവാസികൾക്കും ഗ്രാമവാസികൾക്കും ഒരു പോലെ ഉല്പന്നങ്ങൾ വാങ്ങാൻ കഴിയുന്നു. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ ഷോറൂം കേരളത്തിലെ 14 ജില്ലകളിൽ നിന്നും ഉള്ള എസ്.ജി.എസ്.വൈ തൊഴിൽ ദായക സംരംഭങ്ങളിലെ ചെറുകിട ഉല്പാദകർക്കുള്ള വിപണി കൂടിയാണ്. എസ്.ജി.എസ്.വൈ ഉല്പാദകരുടെ വിവിധ ഉല്പന്നങ്ങൾ ഇവിടെ അണിനിരത്തിയിരിക്കുന്നു. ഷോറൂമിലുള്ള വില്പനയ്ക്ക് പുറമെ 'ഗ്രാമശ്രീ' മൊബൈൽ വാനും തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിക്കുന്നു. ഇവയിലൂടെ ഓരോ ജില്ലയിലേക്കും ഗ്രാമീണ ഉല്പന്നങ്ങൾ വിറ്റഴിക്കാനും സഹായിക്കുന്നുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലകളിലും സ്ഥലം **'DSMS' (District Supplies and Marketing Society)** എന്ന വിപണന കേന്ദ്രങ്ങൾ 'ദാരിദ്ര്യ ലഘൂകരണ വിഭാഗം' മുഖാന്തിരം സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെയും, സംസ്ഥാനഗ്രാമ വികസന വകുപ്പിന്റെയും 'സരസ് മേളകൾ' കേരളത്തിലും, മറ്റ് സംസ്ഥാനങ്ങളിലും നടത്തി വരാറുണ്ട്. ഇവ ഗ്രാമീണ പരമ്പരാഗത ഉല്പന്നങ്ങൾ വിറ്റഴിക്കാനും മറ്റു സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്താനും സഹായിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ